പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.307 — 28.11.2018 ൽ മറുപടിക്ക്

## പെരിന്തൽമണ്ണ ജില്ല ആശുപത്രി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ സർക്കാർ ആശുപത്രി ജില്ല ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ആകെ എത്ര ജീവനക്കാരുടെ അധിക തസ്തിക അനുവദിച്ച് നൽകുന്നതിനാണ് ആശുപത്രി സൂപ്രണ്ട് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുള്ളത്;ശിപാർശ ചെയ്തത് പ്രകാരമുള്ള തസ്തികകൾ നാളിതുവരെ അനുവദിച്ച് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തെരെഞ്ഞെടുത്ത താലൂക്കാസ്ഥാന ആശുപത്രികളുടെ പട്ടികയിൽ ജില്ലാ ആശുപത്രി പെരിന്തൽമണ്ണയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വിവിധ വിഭാഗത്തിലായി 49 ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുവാനാണ് ആരോഗ്യ വകുപ്പ ഡയറക്ടർ ശുപാർശ ചെയ്തിരുന്നത്. എന്നാൽ അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുതായി സർക്കാരിൽ പ്രപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആവശ്യമായ തസ്തികകൾ അടിയന്തരമായി അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ; | | |

സെക്ഷൻ ഓഫീസർ